# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2408 12.03.2020-ൽ മറുപടിയ്ക്ക്.

## വനപാലകർക്ക് സുരക്ഷാ സംവിധാനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | റാന്നിയിൽ നാട്ടിലിറങ്ങിയ കാട്ടാനയെ തിരികെ കാട്ടിലേയ്ക്ക് ഓടിക്കുന്നതിനിടെ ആനയുടെ കുത്തേറ്റ് മരിച്ച രാജമ്പാറ ഫോറസ്റ്റ് സ്റ്റേഷനിലെ ട്രൈബൽ വാച്ചർ ബിജുവിന്റെ കുടുംബത്തിന് എന്തൊക്കെ നഷ്ടപരിഹാരമാണ് സർക്കാർ നൽകാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | റാന്നി റെയ്ഞ്ചിന് കീഴിലുള്ള കരികുളം സ്റ്റേഷൻ പരിധിയിൽപ്പെട്ട കടുമീൻചിറ ഭാഗത്ത് കൃത്യനിർവ്വഹണത്തിനിടെ കാട്ടാനയുടെ കുത്തേറ്റ് 26.02.2020-ന് മരണപ്പെട്ട ഫോറസ്റ്റ് ട്രൈബൽ വാച്ചർ എ.എസ്.ബിജുവിന്റെ കുടംബത്തിന് അനുവദിക്കുന്ന ധനസഹായം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:-<br>മരണ ദിവസം മരണാനന്തര ചെലവുകൾക്കും മറ്റുമായി റാന്നി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയിൽ നിന്നും 25,000/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ റാന്നി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയിൽ നിന്നും 1 ലക്ഷം രൂപയും സതേൺ സർക്കിളിന് കീഴിലുള്ള മറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളിൽ നിന്നായി ഒന്നര ലക്ഷം രൂപയും പെരിയാർ ഫൗണ്ടേഷനിൽ നിന്ന് രണ്ടര ലക്ഷം രൂപയും കൂടി എ.എസ്.ബിജുവിന്റെ കുടുംബത്തിന് അനുവദിച്ചിട്ടുണ്ട്.<br>സതേൺ സർക്കിളിന് പുറത്തുള്ള മറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളിൽ നിന്നും കഴിയാവുന്ന ധനസഹായം അനുവദിക്കുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്.<br>വന്യജീവി ആക്രമണം മൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നിലവിലുള്ള നിയമ പ്രകാരം അനുവദിക്കാവുന്ന 10 ലക്ഷം രൂപയിൽ 5 ലക്ഷം രൂപ വില്ലേജ് ഓഫീസറിൽ നിന്നുള്ള അവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കൈമാറിയിട്ടുണ്ട്. ബാക്കി 5 ലക്ഷം രൂപ തഹസീൽദാറിൽ നിന്നുള്ള അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമായാൽ ഉടൻ അനുവദിക്കാവുന്നതാണ്.<br>6. മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ജി.പി.എ.ഐ.എസ്. പ്രകാരമുള്ള ഇൻഷ്വറൻസ് ആനുകൂല്യവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br>7. നിലവിലുള്ള ചട്ടപ്രകാരം മരണപ്പെട്ട ജീവനക്കാരന്റെ കുടുംബത്തിലെ അംഗത്തിന് ആശ്രിത നിയമനപ്രകാരം ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | കാട്ടിൽ നിന്നും നാട്ടിലിറങ്ങുന്ന ആന ഉൾപ്പെടെയുള്ള മൃഗങ്ങളെ കൈകാര്യം ചെയ്യേണ്ട വനപാലകർക്ക് ഇതിനായി പരിശീലനം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ ; | (ബി) | വനപാലകർക്ക് നൽകിവരുന്ന സ്റ്റാറ്റ്യൂട്ടറി ട്രെയിനിംഗിന്റെ ഭാഗമായി ഇത്തരം അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനും വനം വന്യജീവി പരിപാലനത്തിനും പ്രത്യേക പരിശീലനം നൽകാറുണ്ട്.<br><br>പെരിയാർ ഈസ്റ്റ് / വെസ്റ്റ്, നിലമ്പൂർ നോർത്ത്, പാലക്കാട്, മണ്ണാർക്കാട്, ആറളം എന്നീ ഡിവിഷനുകളിലെ റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.റ്റി.) വനപാലകർക്ക് വന്യമൃഗശല്യം തടയുന്നതിനുള്ള പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.<br><br>സൈലന്റ് വാലി ഡിവിഷനിൽ, സൈലന്റ് വാലി - മണ്ണാർക്കാട് ഡിവിഷനുകളിലെ ഏഷ്യൻ ആനകളും അവയുടെ ആവാസവ്യവസ്ഥാ സ്വഭാവം, മാനേജ്മെന്റ് എന്നിവയെ സംബന്ധിച്ച ഒരു പരിശീലനവും നൽകിയിട്ടുണ്ട്. |
| (സി) | ഇത്തരവം സംഭവങ്ങൾ ഉണ്ടാകുമ്പോൾ വനപാലകർക്ക് വേണ്ട സുരക്ഷാ സംവിധാനങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | പാമ്പുകൾ ഉൾപ്പെടെയുള്ള ഇഴജന്തുക്കളെ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ നൽകിയിട്ടുണ്ട്.<br><br>വനപാലകർക്ക് തോക്ക്, ഫീൽഡ് കിറ്റ്, ഷൂ, പ്രൊട്ടക്ഷൻ ജാക്കറ്റ്, ടോർച്ച്, വയർലസ്സ് സംവിധാനം, മെഗാ ഫോൺ, helmet with front grill and neck protection, search light, snake catching bag, full body protector, animal handling glove എന്നിവ നൽകിയിട്ടുണ്ട്.<br><br>ഷീൽഡ്, നെറ്റ്, കാർബൈഡ് ഗൺ തുടങ്ങിയ സുരക്ഷാ സംവിധാനം വനപാലകർക്ക് നൽകാറുണ്ട്. എലിഫന്റ് സ്ക്വയർ യൂണിറ്റ്, പമ്പാക്ഷൻ ഗൺ മുതലായ സുരക്ഷാ സംവിധാനങ്ങൾ പരിമിത അളവിൽ നൽകിയിട്ടുണ്ട്. ഇത് കൂടാതെ വനപാലകർക്ക് സ്വയരക്ഷയ്ക്കായി റൈഫിൾസ് നൽകിയിട്ടുണ്ട്. അക്രമാസക്തരായി നാട്ടിലിറങ്ങുന്ന കാട്ടാനകളെയും മറ്റും മയക്ക് വെടി വച്ച് തളയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഇവർക്ക് സ്വയംരക്ഷയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകി സഹായിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (ഡി) | സ്വയം രക്ഷയ്ക്ക് അത്യാവശ്യം വേണ്ട ഉപകരണങ്ങൾ പരിമിതമായ അളവിലാണെങ്കിലും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ